"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- വർക്കല ഗവ. എൽ.പി.ജി.എസ് ലെ ഫുൾ ടൈം ജൂനിയർ അറബിക് (എൽ.പി.എസ്) ആയ ശ്രീ.അബ്ദുൾ കരീം.കെ സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2449/2022/GEDN തീയതി,തിരുവനന്തപുരം, 16-04-2022

---

പരാമർശം:-

1. സർക്കാർ ഉത്തരവ് നം.ജി.ഒ(ആർ.ടി)നം.4607/2014 ജിഇഡിഎൻ തീയതി: 29/10/2014
2. വർക്കല ഗവ. എൽ.പി.ജി.എസ് ലെ ഫുൾ ടൈം ജൂനിയർ അറബിക് (എൽ.പി.എസ്) ആയ ശ്രീ.അബ്ദുൾ കരീം.കെ സമർപ്പിച്ച ശൂന്യവേധാനവധി അപേക്ഷ
3. 12/02/2022 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ6/14831/2021/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

വർക്കല ഗവ. എൽ.പി.ജി.എസ് ലെ ഫുൾ ടൈം ജൂനിയർ അറബിക് (എൽ.പി.എസ്) ആയ ശ്രീ.അബ്ദുൾ കരീം.കെ പരാമർശം 2 പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിരുന്നു

2. ഗവ:എൽ.പി.ജി.എസ് വർക്കല സ്കൂളിലെ ഫുൾ ടൈം ജൂനിയർ അറബിക്(എൽ.പി.എസ്) അധ്യാപകനായ ശ്രീ.അബ്ദുൾ കരീം.കെ യ്ക്ക് പരാമർശം 1 പ്രകാരം 13/01/2014 മുതൽ 12/01/2019 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് ശ്രീ.അബ്ദുൾ കരീം.കെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 17/01/2019 തീയതിയിലെ എ3/1165/2019 നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18/01/2019-നാണ് തിരികെ ജോലിയിൽ പ്രവേശിച്ചത് എന്നും 17/11/2021 തീയതിയിലെ എ3/ 15476/21 നം കത്ത് പ്രകാരം തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ അറിയിച്ചിരിക്കുന്നു. ആയതിനാൽ ശ്രീ. അബ്ദുൾ കരീം.കെ യ്ക്ക് 13/01/2019 മുതൽ

17/01/2019 വരെയുള്ള കാലയളവിലെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായുള്ള അപേക്ഷയും അനുബന്ധ രേഖകളും തുടർ നടപടികൾക്കുമായി സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ. അബ്ദുൾ കരീം.കെ സേവനത്തിൽ നിന്നും വിട്ട് നിന്ന 13/01/2019 മുതൽ 17/01/2019 വരെയുള്ള കാലയളവ് 13/01/2014 ന് മുൻപ് ടിയാൾ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള പക്ഷം മുൻ കാല സേവനം നഷ്ടമാകാത്ത വിധവും അല്ലാത്ത പക്ഷം മുൻ കാല സേവനം നഷ്ടമാകും വിധവും നോൺ ഡ്യൂട്ടി ആയി ക്രമപ്പെടുത്താവുന്നതുമാണ്.

4. മേൽ സാഹചര്യത്തിൽ ശ്രീ. അബ്ദുൾ കരീം.കെ സേവനത്തിൽ നിന്നും വിട്ട് നിന്ന 13/01/2019 മുതൽ 17/01/2019 വരെയുള്ള കാലയളവ് 13/01/2014 ന് മുൻപ് ടിയാൾ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള പക്ഷം മുൻ കാല സേവനം നഷ്ടമാകാത്ത വിധവും അല്ലാത്ത പക്ഷം മുൻ കാല സേവനം നഷ്ടമാകും വിധവും നോൺ ഡ്യൂട്ടി ആയി ക്രമപ്പെടുത്താവുന്നതാണ് എന്ന നിർദ്ദേശം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്;-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം

അബ്ദുൾ കരിം.കെ, ജൂനിയർ അറബിക് ടീച്ചർ, ഗവ.എൽ.പി.ജി.എസ്., വർക്കല.

ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.ജി.എസ്., വർക്കല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 18-04-2022 11:42:44
സെക്ഷൻ ഓഫീസർ